**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1497** **12-02-2025 - ൽ മറുപടിയ്ക്ക്**

**പട്ടയ വിതരണത്തിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അർഹതയുള്ള എല്ലാവർക്കും സമയബന്ധിതമായി പട്ടയം വിതരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്നുള്ള വിശദാംശം നൽകാമോ; | (എ) | "എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ" എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി റവന്യൂ വകുപ്പ് പട്ടയ മിഷൻ എന്ന കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതും, 19.04.2023-ലെ സ.ഉ.(കൈ) 87/2023/ആർ.ഡി നം. സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പട്ടയ മിഷൻ രൂപീകരിച്ചിട്ടുള്ളതുമാണ്. "1960-ലെ കേരള ഗവൺമെൻറ് ഭൂമി പതിച്ചു നൽകൽ ആക്ട്-ന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശങ്ങളിലുള്ള സർക്കാർ ഭൂമിക്ക് "1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ" പ്രകാരവും. മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ സർക്കാർ ഭൂമിക്ക് "1995-ലെ കേരള മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്നതു സംബന്ധിച്ച ചട്ടങ്ങൾ" പ്രകാരവുമാണ് ഭൂരഹിതർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നത്.<br>1964-ലെയും 1995-ലെയും ഭൂമിപതിവു ചട്ടങ്ങൾ പ്രകാരം രൂപീകൃതമായതും അതാത് പ്രദേശങ്ങളിലെ നിയമസഭാ സാമാജികർ ഉൾപ്പെടുന്നതുമായ ഭൂപതിവ് കമ്മിറ്റികൾ അതാത് കാലങ്ങളിൽ ചേർന്ന് അർഹത നിർണ്ണയിക്കുന്ന മുറയ്ക്കാണ് ഭൂരഹിതർക്ക് പട്ടയം അനുവദിച്ചു വരുന്നത്. ഇത് കൂടാതെ വിവിധ നിയമ പ്രശ്നങ്ങൾ കാരണം ഇതുവരെയും പട്ടയം നൽകിയിട്ടില്ലാത്ത കേസുകൾ കണ്ടെത്തി പരിഹരിക്കുന്നതിനുവേണ്ടി<br>നിയോജകമണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ ചേർന്ന് ആയതിൽ ഉയർന്നു വരുന്ന പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിയമസഭാ നിയോജക മണ്ഡലത്തിലെ മുഴുവൻ ജനപ്രതിനിധികളും റവന്യൂ ഉദ്യോഗസ്ഥരും അടങ്ങുന്നതാണ് പട്ടയ അസംബ്ലികൾ. പട്ടയ അസംബ്ലിയിൽ ഉയർന്നുവന്ന എല്ലാ പട്ടയ പ്രശ്നങ്ങളും |

| | | | |
|---|---|---|---|
| | | | പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടയ ഡാഷ്ബോർഡിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാതല റിവ്യൂ റവന്യൂ വകുപ്പ് മന്ത്രി 09.10.2023 മുതൽ 10.11.2023 വരെയും, 20.06.2024 മുതൽ 09.07.2024 വരെയുമുള്ള തീയതികളിലായി 2 തവണ നടത്തിയിട്ടുണ്ട്. 07.01.2024 മുതൽ 10.01.2024 വരെയുള്ള തീയതികളിലായി റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും, 21.12.2023 മുതൽ 30.12.2023 വരെ ലാൻഡ് റവന്യൂ കമ്മീഷണറും റിവ്യൂ യോഗങ്ങൾ ജില്ലാ തലത്തിൽ നടത്തുകയുണ്ടായി.<br><br>ഇത് കൂടാതെ റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലകളെ ദക്ഷിണ മേഖല, മധ്യ മേഖല, ഉത്തര മേഖല എന്നിങ്ങനെ മൂന്ന് മേഖലകളായി തിരിച്ച് യഥാക്രമം 28.01.2025, 31.01.2025, 03.02.2025 എന്നീ തീയതികളിലായി മേഖലാ യോഗങ്ങൾ നടത്തിയിട്ടുള്ളതും, അതിനു മുന്നോടിയായി സംസ്ഥാന പട്ടയ മിഷന്റെ ആഭിമുഖ്യത്തിൽ 08.01.2025 മുതൽ 16.01.2025 വരെ ഓൺലൈനായി പ്രീ-സോണൽ യോഗങ്ങൾ നടത്തി പട്ടയപ്രശ്നങ്ങൾ അവലോകനം ചെയ്തിട്ടുള്ളതുമാണ്.<br>ഇത് കൂടാതെ സംസ്ഥാനത്തൊട്ടാകെയുള്ള അതിദരിദ്രരായ വ്യക്തികളെ കണ്ടെത്തി ഭൂമി അനുവദിക്കുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ സ്വീകരിച്ച് വരുന്നുമുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിതരണം നടത്തിയ പട്ടയങ്ങളുടെ വിശദാംശം ജില്ല, വർഷം എന്നിവ തിരിച്ച് നൽകാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | പട്ടയ വിതരണ നടപടികൾ ത്വരിതപ്പെടുത്താൻ ആവിഷ്കരിച്ച സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീജിയറിന്റെ പ്രവർത്തനം ഗുണകരമായോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) | പട്ടയ വിതരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി രൂപീകരിച്ച പട്ടയ മിഷൻ മുഖേനയും അവലോകനയോഗങ്ങളിലൂടെയും പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ ജില്ല അടിസ്ഥാനത്തിൽ നൽകിവരുന്നുണ്ട്. ആയതിന് പ്രത്യേകമായി സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീജിയർ തയ്യാറാക്കിയിട്ടില്ല. |
| (ഡി) | ഇടുക്കി ജില്ലയിൽ വിവിധ താലൂക്കുകളിലായി പട്ടയം ലഭിക്കുന്നതിന് എത്ര അപേക്ഷകൾ നിലവിലുണ്ട്; വിശദാംശം നൽകാമോ? | (ഡി) | ഇടുക്കി ജില്ലയിൽ വിവിധ താലൂക്കുകളിലായി പട്ടയം ലഭിക്കുന്നതിന് 64796 അപേക്ഷകൾ നിലവിലുണ്ട്. താലൂക്ക് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| ക്രമ നം. | ജില്ല | പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 4430 |
| 2 | കൊല്ലം | 2334 |
| 3 | പത്തനംതിട്ട | 880 |
| 4 | ആലപ്പുഴ | 1327 |
| 5 | കോട്ടയം | 2685 |
| 6 | ഇടുക്കി | 13627 |
| 7 | എറണാകുളം | 5954 |
| 8 | തൃശ്ശൂർ | 28717 |
| 9 | പാലക്കാട് | 41879 |
| 10 | മലപ്പുറം | 33365 |
| 11 | കോഴിക്കോട് | 20286 |
| 12 | വയനാട് | 4214 |
| 13 | കണ്ണൂർ | 15995 |
| 14 | കാസർഗോഡ് | 5194 |
| | **ആകെ** | **1,80,887** |

**അനുബന്ധം 2**

| ക്രമ നം. | താലൂക്ക് | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | ഇടുക്കി | 15329 |
| 2 | തൊടുപുഴ | 12764 |
| 3 | ദേവികുളം | 11805 |
| 4 | പീരുമേട് | 5029 |
| 5 | ഉടുമ്പൻചോല | 19869 |
| | **ആകെ അപേക്ഷകൾ** | **64796** |